യുവജനോൽസവത്തിൽ മാപ്പിളപ്പാട്ട് ഉൾപ്പെടുത്തണമെന്ന നിർദ്ദേശം

690 [1005] ശ്രീ. കുഞ്ഞുട്ടി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനോൽസവത്തിൽ മാപ്പിളപ്പാട്ട് ഉൾപ്പെടുത്തണമെന്ന് ഏതെങ്കിലും സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെൻറ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള എഡ്യൂക്കേഷനൽ സോഷ്യൽ ആൻറ് കൾച്ചറൽ ഓർഗനൈസേഷൻ, മലപ്പുറം, വണ്ടൂർ പഞ്ചായത്ത് മുസ്ലീംലീഗ് കമ്മിറ്റി എന്നീ സംഘടനകൾ.

(സി) ഇതു സംബന്ധിച്ചു വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

ഇരിട്ടിയിൽ കോളേജ് ആരംഭിക്കാൻ നിർദ്ദേശം

691 [1006] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഏറ്റവും കൂടുതൽ പിന്നോക്കവും മലയോര കുടിയേറ്റ കേന്ദ്രവുമായ ഇരിട്ടിയിൽ ഒരു കോളേജ് ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

1979-80-ൽ പുതുതായി കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ച് ഗവൺമെൻറ് തീരുമാനമൊന്നും എടുത്തിട്ടില്ല.

'നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ'

692 [1011] ശ്രീ. പി. ബാലൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഈ വിദ്യാഭ്യാസ വർഷത്തിൽ അദ്ധ്യാപക സമരം മൂലവും വിദ്യാർത്ഥി സമരം മൂലവും നഷ്ടപ്പെട്ട അദ്ധ്യയന ദിവസങ്ങൾ എത്ര; അവയുടെ ഇനം തിരിച്ച് കണക്കുകൾ വിശദീകരിക്കുമോ?

ഉത്തരം

അദ്ധ്യാപക സമരം മൂലവും വിദ്യാർത്ഥി സമരം മൂലവും നഷ്ടപ്പെട്ടിട്ടുള്ള അദ്ധ്യയന ദിവസങ്ങളുടെ എണ്ണം വിവിധ വിദ്യാലയങ്ങളിൽ വിവിധങ്ങളാകയാൽ ഇനം തിരിച്ചുള്ള ഒരു സ്ഥിതി വിവരക്കണക്ക് ശേഖരിക്കുക ദുഷ്ക്കരമാണ്.

LIBRARY ARCHIVES Kerala Legislative Assembly